**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1016** **06-10-2021 - ൽ മറുപടിയ്ക്ക്**

**കുട്ടനാട് സമഗ്ര കുടിവെള്ള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ് | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കുട്ടനാട് സമഗ്ര കുടിവെള്ള പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; | (എ) | കുട്ടനാട് സമഗ്ര കുടിവെള്ള പദ്ധതിയുടെ നിലവിലെ സ്ഥിതിയും പദ്ധതി നേരിടുന്ന തടസങ്ങളും സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. പ്രസ്തുത കുടിവെള്ള പദ്ധതിക്ക് ഒന്നാം ഘട്ടത്തിൽ 70 കോടി രൂപയുടെയും, രണ്ടാം ഘട്ടത്തിൽ 289.54 കോടി രൂപയുടെയും ഭരണാനുമതിയാണ് നൽകിയിട്ടുള്ളത്. |
| (ബി) | പ്രസ്തുത പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടി വിശദമാക്കാമോ; ഈ പദ്ധതി നടപ്പിലാക്കുന്നതിന് നിലവിലുള്ള തടസങ്ങൾ വ്യക്തമാക്കാമോ; | (ബി) | കുട്ടനാട് സമഗ്ര കുടിവെള്ള പദ്ധതിയുടെ നിലവിലെ സ്ഥിതിയും പദ്ധതി നേരിടുന്ന തടസങ്ങളും സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. പ്രസ്തുത കുടിവെള്ള പദ്ധതിക്ക് ഒന്നാം ഘട്ടത്തിൽ 70 കോടി രൂപയുടെയും, രണ്ടാം ഘട്ടത്തിൽ 289.54 കോടി രൂപയുടെയും ഭരണാനുമതിയാണ് നൽകിയിട്ടുള്ളത്. |
| (സി) | പദ്ധതിയുടെ അടങ്കൽ തുക, പദ്ധതി സംബന്ധിച്ച് നാളിതുവരെ സ്വീകരിച്ച നടപടികൾ എന്നിവ വിശദമാക്കുമോ; | (സി) | കുട്ടനാട് സമഗ്ര കുടിവെള്ള പദ്ധതിയുടെ നിലവിലെ സ്ഥിതിയും പദ്ധതി നേരിടുന്ന തടസങ്ങളും സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. പ്രസ്തുത കുടിവെള്ള പദ്ധതിക്ക് ഒന്നാം ഘട്ടത്തിൽ 70 കോടി രൂപയുടെയും, രണ്ടാം ഘട്ടത്തിൽ 289.54 കോടി രൂപയുടെയും ഭരണാനുമതിയാണ് നൽകിയിട്ടുള്ളത്. |
| (ഡി) | ഈ പദ്ധതി പൂർത്തീകരിച്ചാൽ കുട്ടനാടിന് ലഭിക്കുന്ന ഗുണങ്ങൾ വ്യക്തമാക്കാമോ; | (ഡി) | കുട്ടനാട് താലൂക്കിൽ പെട്ട 13 പഞ്ചായത്തുകളായ തലവടി, എടത്വാ, തകഴി, മുട്ടാർ, നെടുമുടി, രാമങ്കരി, ചമ്പക്കുളം നീലംപേരൂർ, കാവാലം, പുളിങ്കുന്ന് , കൈനകരി, വെളിയനാട് , വീയപുരം എന്നീ പഞ്ചായത്തുകളിൽ പൂർണ്ണ തോതിൽ ശുദ്ധജലം എത്തിക്കാൻ സാധിക്കും. |
| (ഇ) | ഈ പദ്ധതി എന്നത്തേക്ക് ഉദ്ഘാടനം ചെയ്യാൻ കഴിയുമെന്ന് അറിയിക്കാമോ; | (ഇ) | ജലശുദ്ധീകരണശാലയുടെ നിർമ്മാണത്തിനായി തലവടി പഞ്ചായത്തിലെ നീരേറ്റുപുറത്ത് 125 സെന്റ് സ്ഥലവും ഉന്നതതല ജലസംഭരണികളുടെ നിർമ്മാണത്തിനായി വെളിയനാട് പഞ്ചായത്തിൽ |

| | | | |
|---|---|---|---|
| | | | 20 സെന്റ് സ്ഥലവും, പുളിങ്കുന്ന് പഞ്ചായത്തിൽ 20 സെന്റ് സ്ഥലവും 2021 ഡിംസംബർ മാസത്തോടെ ലഭ്യമാകും എന്ന് പ്രതീക്ഷിക്കുന്നു. ആയത് ലഭ്യമായാൽ 2023 ഡിസംബർ മാസത്തോടെ പണികൾ പൂർത്തീകരിച്ച് പദ്ധതി കമ്മീഷൻ ചെയ്യാനാകുമെന്ന് പ്രതീക്ഷിക്കുന്നു. |
| (എഫ്) | ഈ പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് പ്രത്യേക മേൽനോട്ട സമിതിയെ നിയമിക്കാൻ നടപടി സ്വീകരിക്കാമോ; എങ്കിൽ വിശദവിവരം ലഭ്യമാക്കാമോ? | (എഫ്) | പദ്ധതി സമയബന്ധിതമായി പൂർത്തികരിക്കുന്നതിന് പ്രത്യേക ഒ്ാഫീസ് രൂപികരിച്ചിട്ടുണ്ട് . പ്രസ്തുത പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുന്നതിനുവേണ്ടി എക്സിക്യൂട്ടീവ് എഞ്ചിനീയർ, കിഫ്ബി പ്രോജക്റ്റ് ഡിവിഷൻ, ആലപ്പുഴയെ ലെയ്സൺ ഓഫീസറായി ചുമതലപ്പെടുത്തിയിട്ടുണ്ട് . കൂടാതെ രണ്ടാഴ്ച കൂടുമ്പോൾ പദ്ധതി പ്രവർത്തന പുരോഗതി സർക്കാർ അവലോകനം ചെയ്യുന്നുമുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

**കുട്ടനാട് സമഗ്ര കുടിവെള്ള പദ്ധതി -നിലവിലെ സ്ഥിതി.**

| കുട്ടനാട് സമഗ്ര കുടിവെള്ള പദ്ധതി- ഒന്നാം ഘട്ടം | | |
|---|---|---|
| പാക്കേജ് നം. | ഘടകങ്ങൾ | പ്രവർത്തന പുരോഗതി |
| പാക്കേജ് 1 | കിടങ്ങറ മുതൽ നീലംപേരൂർ വരെ 355 mm, 225 mm HDPE പൈപ്പ് സ്ഥാപിക്കുന്ന പ്രവർത്തി.<br>എടത്വ മുതൽ വീയപുരം വരെ 355 mm, 280 mm HDPE പൈപ്പ് സ്ഥാപിക്കുന്ന പ്രവർത്തി. | പ്രവർത്തി പൂർത്തീകരിച്ചു. രണ്ടാം ഘട്ടം പൂർത്തിയാകുന്ന മുറയ്ക്ക് കമ്മീഷൻ ചെയ്യാവുന്നതാണ്. |
| പാക്കേജ്2 | നീരേറ്റുപുറം മുതൽ മാമ്പുഴക്കരി വരെ 800mm HDPE പൈപ്പ് സ്ഥാപിക്കുന്ന പ്രവർത്തി.<br><br>പള്ളിക്കൂട്ടുമ്മ മുതൽ കാവാലംവരെ 355 mm, 200 mm HDPE പൈപ്പ് സ്ഥാപിക്കുന്ന പ്രവർത്തി. | പ്രവർത്തി പൂർത്തീകരിച്ചു നിലവിലുള്ള ജലവിതരണ ലൈനിലൂടെ രാമങ്കരി, പുളിങ്കുന്ന്, കാവാലം പഞ്ചായത്തുകളിൽ ജലവിതരണം നടത്തുന്നു.<br><br>പ്രവർത്തി പൂർത്തീകരിച്ചു. രണ്ടാം ഘട്ടം പൂർത്തിയാകുന്ന മുറയ്ക്ക് കമ്മീഷൻ ചെയ്യാവുന്നതാണ്. |
| പാക്കേജ് 3 | തകഴി പഞ്ചായത്തിൽ 4 .50 ലക്ഷം ലിറ്റർ ശേഷിയുള്ള ഉന്നതതല ജലസംഭരണിയുടെ നിർമ്മാണം.<br><br>തകഴി, എടത്വ, തലവടി, മുട്ടാർ, വെളിയനാട്, നീലംപേരൂർ പഞ്ചായത്തുകളിൽ ജലവിതരണ ശൃംഖല സ്ഥാപിക്കൽ (ഭാഗികം) | ജലസംഭരണി നിർമ്മാണം പൂർത്തിയാക്കി തകഴി പഞ്ചായത്തിലെ നിലവിലുള്ള ജലവിതരണ ലൈനുകളുമായി ബന്ധിപ്പിച്ചിട്ടുണ്ട്.<br>46 km പൈപ്പ് സ്ഥാപിക്കാനുള്ളതിൽ 36.8 km പൈപ്പ് സ്ഥാപിച്ചു. പൈപ്പ് ലൈൻ സ്ഥാപിക്കൽ, ഗ്യാപ് ക്ലോസിങ്, കലുങ്ക് ക്രോസിങ് തുടങ്ങിയ പ്രവർത്തികൾ പുരോഗമിക്കുന്നു.<br>മുട്ടാർ സെൻട്രൽ റോഡ് DLP യിൽ ആയതിനാൽ PWD യുടെ അനുമതി ലഭ്യമായിട്ടില്ല. അനുമതി ലഭ്യമാക്കുന്നതിനായി PWD എക്സിക്യൂട്ടീവ് എഞ്ചിനീയറുമായി ചർച്ചകൾ നടത്തി വരുന്നു.<br>തകഴിയിൽ റെയിൽവേ ക്രോസിങ്ങിനു അനുമതി ലഭിക്കേണ്ടതുണ്ട്. ഇതിനായി റെയിൽവേ ആവശ്യപ്പെട്ട എസ്റ്റിമേഷൻ തുകയായ 58000/- രൂപ 6/8/2021 ൽ അടച്ചിട്ടുണ്ട്. റെയിൽവേ അധികൃതരുമായി ബഹു എം. പി. 24/9/2021 ൽ കൂടിയ യോഗത്തിൽ പ്രസ്തുത വിഷയം ചർച്ച ചെയ്തിരുന്നു. Skew alignment മാറ്റുന്നതിനുള്ള സംയുക്ത പരിശോധന 30/09/2021 ൽ പൂർത്തീകരിച്ചു. |

| കുട്ടനാട് സമഗ്ര കുടിവെള്ള പദ്ധതി- രണ്ടാം ഘട്ടം | | |
|---|---|---|
| പാക്കേജ് നം. | ഘടകങ്ങൾ | പ്രവർത്തന പുരോഗതി |
| പാക്കേജ് 1 | നീരേറ്റുപുറത്തു ഇൻടേക്ക് സ്ട്രക്ച്ചറിന്റെ നിർമ്മാണം.<br>നീരേറ്റുപുറത്തു നിലവിലുള്ള 14 MLD പ്ലാന്റിന് സമീപം പുതിയ 30 MLD ജല ശുദ്ധീകരണ ശാല.<br>റാ വാട്ടർ പമ്പിങ് മെയിൻ സ്ഥാപിക്കൽ.<br>പമ്പിങ്ങിനു വേണ്ടി വൈദ്യുതി ശേഷി വർധിപ്പിക്കൽ, ട്രാൻസ്ഫോർമർ സ്ഥാപിക്കൽ.<br>റാ വാട്ടർ, ക്ലിയർ വാട്ടർ പമ്പ് സീറ്റുകൾ സ്ഥാപിക്കൽ. | ആറ് പക്കേജുകൾക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതിക്കുള്ള പരിശോധന നടക്കുന്നു.<br><br>നീരേറ്റുപുറത്ത് ജലശുദ്ധീകരണശാലയ്ക്കു വേണ്ടിയും, വെളിയനാട്, പുളിങ്കുന്ന് എന്നിവിടങ്ങളിൽ ഉന്നത തല ജലസംഭരണികൾക്ക് വേണ്ടിയും ഉള്ള സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. ഇതിനായുള്ള ഫോം 7 പ്രാരംഭ വിജ്ഞാപനം 25/08/2021 ൽ പ്രസിദ്ധീകരിച്ചു.<br><br>നാല് ജലസംഭരണികൾക്കുള്ള സ്ഥലം പഞ്ചായത്തുകൾ കൈമാറേണ്ടതുണ്ട്.<br><br>23/09/2021 ൽ ബഹു കുട്ടനാട് MLA സ്ഥലം ഉടമകളുമായി സംസാരിക്കുകയും, പ്രവർത്തികൾ ടെൻഡർ ചെയ്യുന്നതിന് വേണ്ടി മുൻകൂറായി വിട്ടു നൽകുന്നതിന് അഭ്യർത്ഥിച്ചിട്ടുണ്ട്. സ്ഥലം കൈമാറുന്നതിനായി MLA പഞ്ചായത്ത് പ്രസിഡന്റ് മാരുമായി ബന്ധപ്പെടുകയും, സ്ഥലങ്ങൾ അടിയന്തിരമായി വിട്ടു നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കണം എന്ന് അഭ്യർത്ഥിച്ചിട്ടുമുണ്ട്.<br><br>51 ഇടങ്ങളിൽ (138.95 km) PWD റോഡ് കട്ടിങ്ങിനായി RoW പോർട്ടലിൽ അപേക്ഷിച്ചതിൽ 7 ഇടങ്ങളിലെ 32.92 km) എസ്റ്റിമേറ്റ് ലഭിച്ചിട്ടുണ്ട്. സംയുക്ത പരിശോധന പൂർത്തിയാക്കിയിട്ടുണ്ട്. ബാക്കി എസ്റ്റിമേറ്റുകൾ ലഭ്യമാക്കുന്നതിനായി PWD എക്സിക്യൂട്ടീവ് എഞ്ചിനീയറുമായി ചർച്ചകൾ നടത്തി വരുന്നു.<br><br>KSTP ക്കു കീഴിൽ ആലപ്പുഴ ചങ്ങനാശ്ശേരി റോഡിന്റെ നിർമ്മാണം ദ്രുതഗതിയിൽ പുരോഗമിക്കുന്നു. കുട്ടനാട് സമഗ്ര കുടിവെള്ള പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ പ്രസ്തുത റോഡിലൂടെ 9.4 km പമ്പിങ് |
| പാക്കേജ് നം. 2 | നീരേറ്റുപുറം ജല ശുദ്ധീകരണ ശാലയിൽ നിന്നും തലവടി, എടത്വ, വീയപുരം ജലസംഭരണികളിലേക്കുള്ള 1 A1 ട്രാൻസ്മിഷൻ മെയിൻ സ്ഥാപിക്കൽ.<br>തലവടി, എടത്വ, വീയപുരം പഞ്ചായത്തുകളിൽ ഉന്നത തല ജല സംഭരണികളുടെ നിർമ്മാണം.<br>വീയപുരം, തലവടി പഞ്ചായത്തിലെ നിലവിലുള്ള ജലസംഭരണികളുടെ പുനഃരുദ്ധാരണം.<br>എടത്വയിൽ ഓഫീസിന്റെയും, ക്വാർട്ടേഴ്സുകളുടെയും നിർമ്മാണം. | |
| പാക്കേജ് നം.3 | നീരേറ്റുപുറം ജല ശുദ്ധീകരണ ശാലയിൽ നിന്നും മുട്ടാർ, വെളിയനാട്, നീലംപേരൂർ ജലസംഭരണികളിലേക്കുള്ള 1 A2 ട്രാൻസ്മിഷൻ മെയിൻ സ്ഥാപിക്കൽ.<br><br>നീരേറ്റുപുറം ജല ശുദ്ധീകരണ ശാലയിൽ നിന്നും രാമങ്കരി, പുളിങ്കുന്ന്, കാവാലം, നെടുമുടി, ചമ്പക്കുളം, കൈനകരി ജലസംഭരണികളിലേക്കുള്ള 2 ട്രാൻസ്മിഷൻ മെയിൻ സ്ഥാപിക്കൽ. | |
| പാക്കേജ് നം.4 | തകഴി പഞ്ചായത്തിൽ ഉന്നതതല ജലസംഭരണിയുടെ നിർമ്മാണം.<br>തകഴി, എടത്വ, തലവടി, വീയപുരം പഞ്ചായത്തുകളിൽ ജലവിതരണ ശൃഖല സ്ഥാപിക്കൽ | |
| പാക്കേജ് നം 5 | മുട്ടാർ, വെളിയനാട്, നീലംപേരൂർ പഞ്ചായത്തുകളിൽ ഉന്നതതല ജലസംഭരണിയുടെ നിർമ്മാണം.<br>നീലംപേരൂർ ജലസംഭരണിയുടെ | |

| | | |
|---|---|---|
| | സ്ഥലത്തു ഓൺലൈൻ ബൂസ്റ്റർ ക്ലോറിൻ സ്റ്റേഷന്റെ നിർമ്മാണം.<br>മുട്ടാർ, വെളിയനാട്, നീലംപേരൂർ പഞ്ചായത്തുകളിലെ നിലവിലുള്ള ജലസംഭരണികളുടെ പുനഃരുദ്ധാരണം. | മെയിനും, 26.70 km ജലവിതരണ ലൈനുകളും സ്ഥാപിക്കേണ്ടതുണ്ട്. 400 mm dia നു മുകളിലുള്ള പൈപ്പുകൾ യൂട്ടിലിറ്റി ഡക്റ്റിൽ സ്ഥാപിക്കാൻ കഴിയില്ല എന്ന് KSTP അറിയിച്ചിരിക്കുന്നു. 22/09/2021 ൽ SE, KSTP യുമായി കൂടിയ യോഗത്തിൽ വിഷയം ചർച്ച ചെയ്യുകയും,പൈപ്പ് 400 mm താഴെയുള്ള സൈസിലാക്കി പുതുക്കിയ പ്രൊപ്പോസൽ സമർപ്പിക്കാൻ നിർദ്ദേശിച്ചിട്ടുമുണ്ട് |
| പാക്കേജ് നം. 6 | രാമങ്കരി, പുളിങ്കുന്ന്, കാവാലം, നെടുമുടി, ചമ്പക്കുളം, കൈനകരി പഞ്ചായത്തുകളിൽ ഉന്നതതല ജലസംഭരണിയുടെ നിർമ്മാണം രാമങ്കരി, പുളിങ്കുന്ന്, കാവാലം, നെടുമുടി, ചമ്പക്കുളം, കൈനകരി പഞ്ചായത്തുകളിൽ ജലവിതരണ ശൃഖല സ്ഥാപിക്കൽ.<br>രാമങ്കരി, കൈനകരി ജലസംഭരണികളുടെ സ്ഥലത്തു ഓൺലൈൻ ബൂസ്റ്റർ ക്ലോറിൻ സ്റ്റേഷന്റെ നിർമ്മാണം.<br>രാമങ്കരി, കൈനകരി, പള്ളിക്കുട്ടുമ, നെടുമുടി എന്നിവിടങ്ങളിലെ നിലവിലുള്ള ജലസംഭരണികളുടെ പുനഃരുദ്ധാരണം. | |